## മലബാർ സമരത്തിന്റെ രാഷ്ട്രീയം-2

# ആലി മുസ്‌ലിയാർ

● കെ.ടി ഹുസൈൻ

**1921-ലെ** മലബാർ സമരത്തിന്റെ ഏറ്റവും വലിയ ധാർമിക ശക്തി മതപണ്ഡിതനും പരിഷ്കർത്താവുമായ ആലിമുസ്‌ലിയാരുടെ നേതൃത്വമായിരുന്നു. ഖിലാഫത്ത് പ്രക്ഷോഭത്തിന്റെ ജനകീയത ഉറപ്പിച്ച അടിസ്ഥാന ഘടകം വൈജ്ഞാനിക പ്രവർത്തനങ്ങളിലൂടെ ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ അദ്ദേഹം നേടിയെടുത്ത വൻ ജനസമ്മതിയാണ്. സമരത്തിൽ ആദ്യാവസാനം പങ്കെടുത്തവരിൽ ബഹുഭൂരിപക്ഷവും ആലിമുസ്‌ലിയാരുടെ ശിഷ്യന്മാരോ അനുയായികളോ ആയിരുന്നു. സമ്പന്നരും പാവപ്പെട്ടവരും ഇടത്തരക്കാരും അടങ്ങുന്ന സമൂഹശ്രേണിയിലെ എല്ലാതലത്തിൽ പെട്ടവരും അദ്ദേഹത്തിന്റെ അനുയായികളായുണ്ടായിരുന്നു. ആദ്യകാലത്ത് വൈജ്ഞാനികവും ധാർമികവുമായ ശിക്ഷണ പ്രവർത്തനങ്ങളിൽ ഒതുങ്ങിനിന്നിരുന്ന ആലി മുസ്‌ലിയാരെ രാഷ്ട്രീയത്തിന്റെ ഉച്ച വെയിലിലേക്ക് എടുത്തു ചാടിച്ചത് സാഹചര്യത്തിന്റെ സമ്മർദമായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ജ്വലിക്കുന്ന സാമ്രാജ്യത്വ വിരുദ്ധ പാരമ്പര്യം തന്റെ നേതൃത്വം അനിവാര്യമായ ഒരു ഘട്ടത്തിൽ അതിൽനിന്ന് ഒഴിഞ്ഞുമാറാൻ അദ്ദേഹത്തെ അനുവദിച്ചില്ല എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി.

മഞ്ചേരിക്കടുത്ത നെല്ലിക്കുത്തിലെ കുലീന കുടുംബാംഗമായ എരിക്കുന്നൻ പാലത്ത് മൂലയിൽ കുഞ്ഞിമൊയ്തീന്റെയും പൊന്നാനിയിലെ മഖ്ദൂം കുടുംബത്തിലെ ഒറ്റകത്ത് മുഹമ്മദ്കുട്ടി മുസ്‌ലിയാരുടെ മകൾ ആമിനയുടെയും മകനായി 1861-ലാണ് ആലിമുസ്‌ലിയാരുടെ ജനനം. അദ്ദേഹത്തിന്റെ പിതാമഹനായ എരിക്കുന്നൻ അബ്ദുല്ലഹാജി ബ്രിട്ടീഷുകാരോട് പൊരുതിമരിച്ച രക്തസാക്ഷികളിലൊരാളായിരുന്നു. നാട്ടിലെ പ്രാഥമിക പഠനത്തിനുശേഷം അക്കാലത്തെ പതിവനുസരിച്ച് പൊന്നാനിയിൽ ഉപരിപഠനത്തിന് ചേർന്നു. വർഷങ്ങളോളം പൊന്നാനിയിൽ പഠിച്ചിട്ടും വൈജ്ഞാനിക തൃഷ്ണ ശമിക്കാതിരുന്ന ആലി മുസ്‌ലിയാർ തുടർപഠനത്തിനായി ഒട്ടേറെ പ്രയാസങ്ങൾ സഹിച്ച് മക്കയിലേക്ക് പോയി. മക്കയിലെ വിശുദ്ധ ഹറമിൽ എട്ട് വർഷത്തോളം അദ്ദേഹം താമസിച്ച് പഠിച്ചു.

ഉത്തർപ്രദേശിലെ പ്രമുഖ മതവിദ്യാഭ്യാസ കേന്ദ്രമായ ദയൂബന്ദ് ദാറുൽഉലൂമിൽ അദ്ദേഹം പഠിച്ചിട്ടില്ലെങ്കിലും അവിടത്തെ പ്രമുഖ അധ്യാപകരും സ്വാതന്ത്ര്യ സമര സേനാനികളുമായ ഹുസൈൻ അഹ്‌മദ് മദനിയുമായും മഹ്‌മൂദ് ഹസൻ ദയൂബന്ദിയുമായും അദ്ദേഹത്തിന് ഗാഢമായ സുഹൃദ്ബന്ധമുണ്ടായിരുന്നു. മക്കയിൽ ആലി മുസ്‌ലിയാരുടെ പ്രധാന ഗുരുനാഥൻ വഹാബി വിരുദ്ധ ആശയക്കാരനായിരുന്ന അഹ്‌മദ് സൈനിദഹ്‌ലാനായിരുന്നു. സൈനിദഹ്‌ലാന്റെ ശിഷ്യനായിരുന്നിട്ടും മുഹമ്മദുബ്നു അബ്ദിൽവഹാബിനെ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ പരിഷ്കരണ സംരംഭങ്ങളെ ഇസ്‌ലാമിക നവോത്ഥാന പ്രവർത്തനങ്ങളായി കാണുകയും ചെയ്യുന്ന ദയൂബന്ദ് പണ്ഡിതന്മാരുമായി സുഹൃദ്ബന്ധം പുലർത്താൻ അദ്ദേഹത്തിന് വൈമുഖ്യമുണ്ടായില്ലെന്നത് വ്യത്യസ്ത ചിന്താധാരകളോടും വീക്ഷണങ്ങളോടും അദ്ദേഹം പുലർത്തിയ ഉദാര സമീപനത്തിന് തെളിവായി ചൂണ്ടിക്കാണിക്കാവുന്നതാണ്. മാത്രമല്ല; ആധ്യാത്മിക ശിക്ഷണത്തിനുള്ള ഒരു മാർഗമെന്ന നിലയിൽ ത്വരീഖത്തിനെ അദ്ദേഹം അംഗീകരിച്ചിരുന്നുവെങ്കിലും ശരീഅത്തിനെ ഉപേക്ഷിക്കുകയോ ഖബ്ർപൂജ പോലുള്ള ശിർക്കൻ ആചാരങ്ങളെ അംഗീകരിക്കുകയോ ചെയ്തിരുന്നില്ല.

മക്കയിലെ 8 വർഷത്തെ പഠനശേഷം നാട്ടിലേക്ക് തിരിച്ച അദ്ദേഹം ലക്ഷദ്വീപിലെ കവരത്തിയിൽ ഖാദിയും മുദർരിസുമായിട്ടാണ് ഔദ്യോഗിക ജീവിതമാരംഭിച്ചത്. 1891-ൽ മണ്ണാർക്കാട്ടെ മാപ്പിള കുടിയാന്മാർ നടത്തിയ ഒരു ജന്മിത്വവിരുദ്ധ കലാപത്തിൽ ജ്യേഷ്ഠ സഹോദരൻ മമ്മദ് കുട്ടി മുസ്‌ലിയാർ കൊല്ലപ്പെട്ടപ്പോൾ ലക്ഷദ്വീപിലെ ജോലി മതിയാക്കി ആലി മുസ്‌ലിയാർ നാട്ടിലേക്ക് മടങ്ങി. സാമ്രാജ്യത്വത്തിന്റെയും ജന്മിത്വത്തിന്റെയും ഭീകരതകൾക്കിരയായികൊണ്ടിരിക്കുന്ന മാപ്പിളമാരുടെ രക്ഷക്ക് എന്തെങ്കിലും ചെയ്തേപറ്റൂ എന്ന ദൃഢനിശ്ചയത്തോടുകൂടിയാണ് അദ്ദേഹം നാട്ടിലേക്ക് മടങ്ങിയത്. എന്നാൽ നാട്ടിലെത്തിയ അദ്ദേഹം പ്രത്യക്ഷ രാഷ്ട്രീയത്തിൽ ഇറങ്ങാതെ വിമോചന സമരങ്ങൾക്ക് ഊർജം പകരുംവിധം യുവാക്കളെ വൈജ്ഞാനികമായും ധാർമികമായും പ്രബുദ്ധരാക്കാനുള്ള ശ്രമങ്ങളിലാണ് ആദ്യം ഏർപ്പെട്ടത്. ഏറനാട്ടിലുടനീളം നിരവധി മദ്റസകൾ സ്ഥാപിച്ചുകൊണ്ട് അദ്ദേഹം ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മദ്റസകൾ സ്ഥാപിക്കുന്നതിൽ എം.പി നാരായണമേനോനെ പോലുള്ള ഹൈന്ദവ സു

ഹൃത്തുക്കളിൽനിന്ന് സഹകരണവും സഹായവും അദ്ദേഹത്തിന് ലഭിച്ചിരുന്നു. സ്വദേശമായ നെല്ലിക്കുത്ത്, തൊടികപ്പുലം, മേൽമുറി തുടങ്ങിയ സ്ഥലങ്ങളിൽ അധ്യാപകനായും സേവനം അനുഷ്ഠിച്ചു. ഇവിടങ്ങളിലെല്ലാം നിരവധി ശിഷ്യന്മാരെയും തന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അസംഖ്യം അനുയായികളെയും നേടിയെടുക്കാൻ ഈ അധ്യാപനത്തിലൂടെ അദ്ദേഹത്തിന് സാധിച്ചു. ഹിന്ദുക്കളും മുസ്‌ലിംകളും ഒരുപോലെ അദ്ദേഹത്തെ ആദരിച്ചു. 'മൊയില്യാരുപ്പാപ്പ' എന്നാണ് എല്ലാവരും അദ്ദേഹത്തെ ആദരപൂർവം വിളിച്ചിരുന്നത്. തന്റെ സമകാലികരായ യാഥാസ്ഥിതിക പണ്ഡിതന്മാരിൽനിന്ന് വ്യത്യസ്തമായി അറബി, ഉർദു മാസികകൾ മുടങ്ങാതെ വായിച്ചിരുന്നതിനാൽ രാഷ്ട്രീയബോധം ആർജിക്കാനും അത് ശിഷ്യന്മാർക്ക് പകർന്നു കൊടുക്കാനും അദ്ദേഹത്തിന് സാധിച്ചു. അക്കാലത്ത് അദ്ദേഹം രാഷ്ട്രീയമായ യാതൊരിടപെടലും നടത്തിയില്ലെങ്കിലും പിൽക്കാലത്ത് ഈ പ്രദേശങ്ങളിൽ മലബാർ സമരം കത്തിപ്പടർന്നപ്പോൾ സ്വന്തം ജീവൻ പണയംവെച്ച് അതിലേക്ക് എടുത്തു ചാടാൻ നാട്ടുകാരെ ഒന്നടങ്കം ലഭിച്ചതിൽനിന്ന് ആലിമുസ്‌ലിയാർ സ്വന്തം ജീവിതത്തിലൂടെയും വൈജ്ഞാനിക പ്രവർത്തനങ്ങളിലൂടെയും അവിടങ്ങളിൽ ചെലുത്തിയ സ്വാധീനമാണ് വെളിപ്പെടുന്നത്. മഞ്ചേരിയിലും പൂക്കോട്ടൂരും പാണ്ടിക്കാട്ടുമെല്ലാം നടന്ന രക്തരൂഷിതമായ സമരത്തിൽ പങ്കെടുക്കാൻ അവിടെയുള്ള പാവപ്പെട്ടവരും നിരക്ഷരരുമായ മാപ്പിളമാരെ പ്രേരിപ്പിച്ച ഒരേ ഒരു ഘടകം ആലി മുസ്‌ലിയാരോടുള്ള ആദരവും ബഹുമാനവും മാത്രമായിരുന്നു.

തൊടികപ്പുലത്തും മേൽമുറിയിലുമെല്ലാം ദർസ് നടത്തി 1967-ൽ തിരൂരങ്ങാടി കിഴക്കെ പള്ളിയിൽ മുദർരിസായി വന്നതിനു ശേഷമാണ് ആലി മുസ്‌ലിയാർ പ്രത്യക്ഷ രാഷ്ട്രീയത്തിൽ ഇടപെടാൻ തുടങ്ങിയത്. സയ്യിദ് ഫസൽ നാടുകടത്തപ്പെട്ട ശേഷം രാഷ്ട്രീയ ബോധമുള്ള മത നേതൃത്വം തിരൂരങ്ങാടിക്ക് നഷ്ടപ്പെട്ടിരുന്നു. ഈ ശൂന്യത നികത്തുക എന്ന വ്യക്തമായ ലക്ഷ്യത്തോടു കൂടിതന്നെയാണ് തിരൂരങ്ങാടിക്കാർ ആലിമുസ്‌ലിയാരെ അങ്ങോട്ട് ക്ഷണിച്ചുകൊണ്ട് പോയത്. തിരൂരങ്ങാടിയിലേക്കുള്ള ആലിമുസ്‌ലിയാരുടെ വരവിന്റെ രാഷ്ട്രീയത്തെക്കുറിച്ച് *ഖിലാഫത്ത് സ്മരണ*യിൽ ശ്രീ. ബ്രഹ്മദത്തൻ നമ്പൂതിരി നടത്തുന്ന നിരീക്ഷണം ശ്രദ്ധേയമാണ്: "മാമ്പ്രത്ത് പള്ളിയാണ് മലബാർ മാപ്പിളമാരുടെ സാമൂഹികകേന്ദ്രം. അതിന്റെ അധിപതി മാമ്പ്രത്ത് തറമ്മൽ തങ്ങളാണ്. തങ്ങൾ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതൃത്വം സ്വീകരിക്കാൻ തയാറായില്ല. ബ്രിട്ടീഷ് ഗവൺമെന്റിനെ എതിർത്തതിൽ തന്റെ പൂർവികന്മാർക്കുണ്ടായ അനുഭവം തങ്ങൾക്ക് ഓർമയുണ്ട്. തറമ്മൽ തങ്ങൾ രണ്ട് തോണിയിലും കാലിട്ടുനിന്നതേയുള്ളൂ. തങ്ങളെ കഴിച്ചാൽ പിന്നത്തെ പ്രധാനി ആലി മുസ്‌ലിയാരാണ്. ആലിമുസ്‌ലിയാർക്ക് രാഷ്ട്രീയമായി യാതൊരു പൂർവചരിത്രവുമില്ല. എന്നാൽ മുസ്‌ലിയാർ ഒരു മാതൃകാ പുരോഹിതനും മതപണ്ഡിതനുമാണ്. അദ്ദേഹത്തിന് അനേകം ശിഷ്യന്മാരുണ്ട്. പെരുമാറ്റത്തിൽ അദ്ദേഹമൊരു മയം ചേർന്ന മട്ടുകാരനാണ്. ആളുകൾക്കെല്ലാം അദ്ദേഹത്തോട് അചഞ്ചലമായ ഗുരുഭക്തിയാണ്. മുസ്‌ലിയാർക്ക് രാഷ്ട്രീയബോധം കുറവായിരുന്നു. മതവികാരമാണ് കവിഞ്ഞ് നിന്നിരുന്നത്. അവർ അഹിംസ ഒരു വ്രതമായി അനുഷ്ഠിച്ചിരുന്നില്ല. അക്രമത്തിന്റെ നേർക്ക്, തെമ്മാടിത്തത്തിന്റെ നേർക്ക് ബലപ്രയോഗം അവർക്ക് അഹിതമായിരുന്നില്ല. പോലീസിന്റെ തെമ്മാടിത്തങ്ങൾക്ക് അവർ തക്ക പ്രതിഫലം കൊടുത്തു."

ആലി മുസ്‌ലിയാർ തിരൂരങ്ങാടിയിൽ വരുമ്പോൾ കോൺഗ്രസ് പ്രവർത്തനം അവിടെ വേരുപിടിക്കുകയോ ഖിലാഫത്ത് പ്രക്ഷോഭം ആരംഭിക്കുകയോ ചെയ്തിരുന്നില്ല. അതിനാൽ ബ്രിട്ടീഷുകാർക്കെതിരെ പ്രത്യക്ഷ സമരത്തിന് ഇറങ്ങാൻ ഒരു വേദി തിരൂരങ്ങാടിയിലും ആദ്യഘട്ടത്തിൽ ആലിമുസ്‌ലിയാർക്കുണ്ടായിരുന്നില്ല. എങ്കിലും പള്ളിയിലെ മതപഠന ക്ലാസുകളും ഉദ്ബോധനങ്ങളും കൊളോണിയലിസത്തിനെതിരിൽ ജനങ്ങളെ സമരസജ്ജരാക്കാൻ അദ്ദേഹം ഉപയോഗപ്പെടുത്തി. അതിനെക്കുറിച്ച കെ.എം പണിക്കരുടെ നിരീക്ഷണം ശ്രദ്ധിക്കുക: "പള്ളിയിൽവെച്ച് നടത്തിയിരുന്ന അദ്ദേഹത്തിന്റെ മതപഠന ക്ലാസുകളും ഉപദേശങ്ങളും ജനപ്രീതിയാർജിച്ച് ഖിലാഫത്തിനോടുള്ള ആഭിമുഖ്യവും ബ്രിട്ടീഷ്‌വിരുദ്ധ മനോഭാവവും ജനങ്ങളിൽ വളർത്താൻ സഹായകമായി. അദ്ദേഹത്തിന്റെ ശ്രോതാക്കൾ തിരൂരങ്ങാടിക്കാർ മാത്രമായിരുന്നില്ല, മമ്പുറം ഒരു പ്രധാന തീർഥാടന കേന്ദ്രമായിരുന്നതിനാൽ ജില്ലയിലെ മറ്റുഭാഗങ്ങളിൽനിന്നുള്ളവരും ധാരാളമായി അദ്ദേഹത്തിന്റെ വൈജ്ഞാനിക സദസ്സുകളിൽ പങ്കെടുത്തിരുന്നു. അതിലൂടെ ആലിമുസ്‌ലിയാരുടെ മതപരവും രാഷ്ട്രീയവുമായ വീക്ഷണങ്ങൾ വലിയൊരു വിഭാഗം മാപ്പിളമാരെ അഗാധമായി സ്വാധീനിക്കുകയുണ്ടായി. (Against Lord and State P: 154)

ഖിലാഫത്ത് പ്രക്ഷോഭം ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ ജനസമ്മതി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാരും എം.പി നാരായണ മേനോനും ആലി മുസ്‌ലിയാരെ ഖിലാഫത്തിന്റെ നേതൃസ്ഥാനത്തേക്ക് കൊണ്ടുവരികയായിരുന്നു.

1920-ൽ രൂപീകരിക്കപ്പെട്ട തിരൂരങ്ങാടി ഖിലാഫത്ത് കമ്മിറ്റിയുടെ വൈസ് പ്രസിഡന്റ് എന്ന സ്ഥാനമേ ഔദ്യോഗികമായി ഉണ്ടായിരുന്നുള്ളൂവെങ്കിലും ഖിലാഫത്ത് സമരത്തിന്റെ യഥാർഥ ചാലകശക്തി ആലി മുസ്‌ലിയാരായിരുന്നു. ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ ഖിലാഫത്ത് പ്രക്ഷോഭം ജനകീയമായത് അദ്ദേഹം നേതൃത്വത്തിൽ വന്നതിന് ശേഷമാണ്. ഇവിടങ്ങളിലെല്ലാം ഖിലാഫത്ത് കമ്മിറ്റികൾ രൂപീകരിക്കാൻ അദ്ദേഹം വിപുലമായ തോതിൽ പര്യടനങ്ങൾ നടത്തിയിരുന്നു. സാമ്രാജ്യത്വ അനുകൂലികളായിരുന്ന യാഥാസ്ഥിതിക മതപണ്ഡിതന്മാർ ഖിലാഫത്തിനെതിരെ ധാരാളം ഫത്‌വകൾ പുറത്തിറക്കിയിട്ടും അവ സാമാന്യ ജനത്തിനിടയിൽ യാതൊരു സ്വാധീനവും ചെലുത്താതെ പോയത് ആലിമുസ്‌ലിയാർ അതിന്റെ നേതൃത്വത്തിൽ ഉണ്ടായതുകൊണ്ട് മാത്രമാണ്. 1921 ജൂലൈ 24-ന് പൊന്നാനിയിൽ സംഘടിപ്പിക്കപ്പെട്ട കോൺഗ്രസ്, ഖിലാഫത്ത് സമ്മേളനത്തെ പരാജയപ്പെടുത്താൻ ഗവൺമെന്റിന്റെ പിന്തുണയോട് കൂടി യാഥാസ്ഥിതിക പണ്ഡിതർ പൊന്നാനിയിലെ പാതാറിൽ സമാന്തര പണ്ഡിതയോഗം ചേർന്നപ്പോൾ ആലി മുസ്‌ലിയാർ അതിനെ നേരിട്ടത് പൂക്കോട്ടൂരിലെ തന്റെ ധാരാളം അനുയായികളോടൊപ്പം ഒരു ജാഥയായിവന്ന് പൊന്നാനിയിലെ ഖിലാഫത്ത് സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ടാണ്. പൊന്നാനിയിലെ പാലത്തിൽവെച്ച് പോലീസുകാർ ആലി മുസ്‌ലിയാരെയും സംഘത്തെയും തടഞ്ഞുവെങ്കിലും പോലീസിനെ തള്ളിമാറ്റി യാതൊരേറ്റുമുട്ടലിനും ഇടംകൊടുക്കാതെ ഊടു വഴികളിലൂടെ അദ്ദേഹവും സംഘവും സമ്മേളന സ്ഥലത്ത് എത്തിച്ചേർന്നു. ഗവൺമെന്റിനുവേണ്ടി സാമ്രാജ്യത്വാനുകൂലികളായ യാഥാസ്ഥിതിക പണ്ഡിതന്മാർ സംഘടിപ്പിച്ച പണ്ഡിത സമ്മേളനത്തെ പൊളിക്കാൻ ഈ സാഹസിക നീക്കത്തിലൂടെ സാധിച്ചുവെന്നതാണ് ആലിമുസ്‌ലിയാർ നയിച്ച ജാഥയുടെ രാഷ്ട്രീയ പ്രാധാന്യം.

തുടക്കത്തിൽ ആലിമുസ്‌ലിയാർ അഹിംസയിൽ ഉറച്ചുനിൽക്കുകയും തന്റെ അനുയായികളെ അക്രമരാഹിത്യം ഉപദേശിക്കുകയും ചെയ്തിരുന്നു. കോൺഗ്രസുകാരെപ്പോലെ അദ്ദേഹം

ഖദർ ധരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഖിലാഫത്ത് സമ്മേളനങ്ങൾ അകാരണമായി മുടക്കുകയും ഖിലാഫത്ത് പ്രവർത്തകരെ ഒറ്റ തിരിച്ച് മർദിക്കുകയും ചെയ്യുന്ന നടപടിയിലേക്ക് ഭരണകൂടം നീങ്ങിയതോടെ ബ്രഹ്മദത്തൻ നിരീക്ഷിച്ചതു പോലെ, അഹിംസ ഒരു വ്രതമായി കരുതാത്തതുകൊണ്ട് അക്രമങ്ങളെ സായുധമായി പ്രതിരോധിക്കുന്നതിൽ പന്തികേടൊന്നുമില്ല എന്ന നിലപാടിലേക്ക് അദ്ദേഹം മാറി. അദ്ദേഹം സംഘടിപ്പിച്ച ഖിലാഫത്ത് വളണ്ടിയർമാർ സൈനിക രീതിയിൽ പരിശീലനം നേടുകയും തെരുവുകളിൽ പരേഡ് നടത്തുകയും ചെയ്തതിൽനിന്നാണ് അദ്ദേഹത്തിന്റെ ഈ നിലപാടുമാറ്റം നാം മനസ്സിലാക്കുന്നത്. ആലി മുസ്‌ലിയാരുടെ സന്തത സഹചാരിയായിരുന്ന ലവക്കുട്ടിയാണ് ഈ പരിപാടികൾക്കെല്ലാം നേതൃത്വം നൽകിയത്. എന്നാൽ ഏതെങ്കിലും ഗവൺമെന്റ് ലക്ഷ്യങ്ങൾക്കു നേരെ ആക്രമണം നടത്താൻ ആലിമുസ്‌ലിയാർക്ക് ഉദ്ദേശ്യമുണ്ടായിരുന്നതിന്റെ യാതൊരു സൂചനയുമില്ല. അകാരണമായി ആക്രമിക്കപ്പെട്ടാൽ ചെറുത്ത് നിൽക്കാൻ ആവശ്യമായ പരിശീലനം നേടുകയും പരേഡിലൂടെ ജനങ്ങളിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യുക എന്ന പരിമിതമായ ഉദ്ദേശ്യമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. ശാരീരിക ക്ഷമത ഉറപ്പുവരുത്തുന്നതിൽ കവിഞ്ഞ് ആയുധം ശേഖരിക്കുന്നതിന് പോലും അവർ മെനക്കെട്ടിരുന്നില്ല. എന്നാൽ ആലി മുസ്‌ലിയാരും അനുയായികളും വൻതോതിൽ ആയുധം ശേഖരിക്കുകയാണെന്നാണ് പുറത്ത് ബോധപൂർവം പ്രചരിപ്പിക്കപ്പെട്ടത്.

അതിനിടയിൽ ആലി മുസ്‌ലിയാർ നടത്തിയ ഒരു പ്രതീകാത്മക സമരം അധികൃതരെ അത്യധികം പ്രകോപിച്ചു. മമ്പുറം അലവി തങ്ങളുടെ കാലത്ത് നടന്ന ചേരൂർ ലഹളയിൽ രക്തസാക്ഷികളായവരെ തിരൂരങ്ങാടി മന്താനി പറമ്പിലാണ് സംസ്കരിച്ചിരുന്നത്. അവിടെ സന്ദർശിച്ച് പ്രാർഥന നടത്തുന്നതിന് സർക്കാർ വിലക്കുണ്ടായിരുന്നു. രക്തസാക്ഷികളെക്കുറിച്ച ഓർമ ജനങ്ങളിൽ സാമ്രാജ്യത്വ വിരുദ്ധവികാരം നിയന്ത്രണാതീതമാംവിധം ഉണർത്തുമെന്ന തിരിച്ചറിവാണ് വിലക്കിന് നിദാനം. ഏതായാലും ഖിലാഫത്ത് പ്രക്ഷോഭം കൊടുമ്പിരി കൊണ്ട ഘട്ടത്തിൽ നിയമലംഘനത്തിന്റെ ഭാഗമായി ആലി മുസ്‌ലിയാർ തന്റെ അനുയായികളോടൊപ്പം പ്രകടനമായിചെന്ന് ചേരൂർ രക്തസാക്ഷികളുടെ ഖബ്റിടങ്ങളിൽ പ്രാർഥന നടത്തി തിരിച്ചു പോയി. ആലി മുസ്‌ലിയാർ നടത്തിയ ഈ പ്രതീകാത്മക സമരത്തെ സർക്കാറിനോടുള്ള വെല്ലുവിളിയായി കണ്ട് അദ്ദേഹത്തെയും അനുയായികളേയും അറസ്റ്റ് ചെയ്യാനുള്ള നീക്കത്തിന് അധികൃതർ വേഗത കൂട്ടി. നേരത്തെ പലതവണ ആലി മുസ്‌ലിയാരെ അറസ്റ്റ് ചെയ്യാനുള്ള അനുമതി തേടിയിട്ടും മുകളിൽനിന്ന് അനുമതി ലഭിക്കാതിരുന്നതിൽ നിരാശ പൂണ്ട് കഴിയുകയായിരുന്ന തോമസും ഹിച്ച്കോക്കും ഇതൊരവസരമായി കണ്ട് എസ്.പി ആമുവിനെയും ഒരു സംഘം പട്ടാളക്കാരെയും കൂട്ടി 1921 ആഗസ്റ്റ് 19-ന് ആലി മുസ്‌ലിയാരെയും സംഘത്തെയും പിടികൂടാനായി തിരൂരങ്ങാടിയിലേക്ക് തിരിച്ചു. ആഗസ്റ്റ് 20-ന് വൈകുന്നേരം തോമസും സംഘവും ആലി മുസ്‌ലിയാർ ദർസ് നടത്തിയിരുന്ന തിരൂരങ്ങാടിയിലെ പള്ളി വളഞ്ഞ് പള്ളിയും അദ്ദേഹത്തിന്റെ വീടും പരിശോധിച്ചുവെങ്കിലും പട്ടാളത്തിന്റെ വരവ് മുൻകൂട്ടികണ്ട് ഒളിവിൽ പോയതിനാൽ അദ്ദേഹത്തെയോ സഹപ്രവർത്തകരെയോ അവർക്ക് കണ്ടെത്താനായില്ല.

നിരാശരും കുപിതരുമായ പോലീസുകാർ ഖിലാഫത്ത് ഓഫീസിൽ കയറി പതാകയും റിക്കാർഡുകളും നശിപ്പിക്കുകയും അവിടെ ഉണ്ടായിരുന്ന ഏതാനും പേരെ അറസ്റ്റ് ചെയ്ത്കൊണ്ടു പോകുകയും ചെയ്തു. പട്ടാളക്കാർ മുസ്‌ലിം വീടുകളിൽ കയറി പലരെയും അറസ്റ്റ് ചെയ്ത്കൊണ്ടുപോയതായും പള്ളി ആക്രമിക്കപ്പെട്ടതായുമുള്ള കിംവദന്തി പുറത്ത് പ്രചരിച്ചു. അതോടെ അയൽ പ്രദേശങ്ങളായ മലപ്പുറം, കോട്ടക്കൽ, തിരൂർ, താനൂർ, പരപ്പനങ്ങാടി എന്നിവിടങ്ങളിൽനിന്ന് ജനങ്ങൾ തിരൂരങ്ങാടിയിലേക്ക് പ്രവഹിച്ചു. ജനക്കൂട്ടത്തിന്റെ ലക്ഷ്യം പോലീസ് സ്റ്റേഷനാണെന്നറിഞ്ഞപ്പോൾ അതുവരെ ഒളിവിലായിരുന്ന ആലി മുസ്‌ലിയാർ രംഗത്തുവന്ന് ജനക്കൂട്ടത്തോട് സംയമനം പാലിക്കാൻ ആവശ്യപ്പെട്ടു. ജനങ്ങളോട് അവിടെ ഇരിക്കാനും താൻ ഒറ്റക്ക് പോലീസ് സ്റ്റേഷനിൽ പോയി അന്വേഷിച്ചു വരാമെന്നും ആലി മുസ്‌ലിയാർ പറഞ്ഞ് നോക്കിയെങ്കിലും അദ്ദേഹത്തെ ഒറ്റക്ക് വിടാൻ ജനക്കൂട്ടം ഒരുക്കമല്ലായിരുന്നു. അതിനാൽ അദ്ദേഹം ജനക്കൂട്ടത്തേയും നയിച്ച് പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് ചെയ്തു. ജനക്കൂട്ടത്തെ കണ്ടപ്പോൾ സ്റ്റേഷനിൽനിന്ന് പുറത്ത് വന്ന് ഏതാനും പോലീസുകാർ എന്താണ് നിങ്ങളുടെ ആവശ്യമെന്ന് ആലി മുസ്‌ലിയാരെ നോക്കി ചോദിച്ചു. അറസ്റ്റ് ചെയ്തവരെ വിട്ടയക്കണം, ആലി മുസ്‌ലിയാർ മറുപടി പറഞ്ഞു. അറസ്റ്റ് ചെയ്തവരെ വിട്ടയക്കാമെന്ന് അനുനയത്തിൽ പറഞ്ഞ് എല്ലാവരെയും അവിടെ ഇരുത്തിയതിന് ശേഷം ഒട്ടും മുന്നറിയിപ്പില്ലാതെ ജനക്കൂട്ടത്തിന് നേരെ തുരുതുരാ വെടി ഉതിർക്കുകയാണ് പട്ടാളക്കാർ ചെയ്തത്. ഓർക്കാപ്പുറത്ത് വെടിപൊട്ടിയതോടെ ജനങ്ങൾ രണ്ടും കൽപിച്ച് കൈയിൽ കിട്ടിയ ആയുധവുമായി പട്ടാളത്തെയും പോലീസിനെയും നേരിട്ടു. പട്ടാളക്കാരുടെ കൈയിൽ തോക്കുള്ളതൊന്നും പ്രശ്നമാക്കാതെയാണ് ജനക്കൂട്ടം ഇരച്ചുകയറിയത്. പലരും വെടികൊണ്ട് വീണെങ്കിലും വർധിത വീര്യത്തോടെ തിരിച്ചടിച്ച ജനക്കൂട്ടത്തിന്റെ പോരാട്ട വീറിന് മുമ്പിൽ പിടിച്ചു നിൽക്കാനാകാതെ പോലീസും പട്ടാളവും ഓടി പോലീസ് സ്റ്റേഷനിൽ കയറി ഒളിച്ചു. അതോടെ ജനക്കൂട്ടം പിരിഞ്ഞ് പോയി. മരിച്ചവരെ മറവ് ചെയ്യാനും പരിക്കേറ്റവരെ ശുശ്രൂഷിക്കാനും ആലി മുസ്‌ലിയാർ പള്ളിയിലേക്കും മടങ്ങിപ്പോന്നു. പരപ്പനങ്ങാടി, താനൂർ പ്രദേശങ്ങളിൽനിന്ന് വന്നവർ മടങ്ങിപ്പോകുമ്പോൾ പോലീസ് സ്റ്റേഷനും തീവണ്ടിയാപ്പീസും തകർക്കുകയും റെയിൽപാലം തല്ലിപ്പൊളിക്കുകയും ചെയ്തു. തിരൂരങ്ങാടിയിലേക്ക് കോഴിക്കോട്ട് നിന്ന് കൂടുതൽ സൈന്യം എത്തുന്നത് തടയുകയായിരുന്നു അവരുടെ ഉദ്ദേശ്യം.

അന്നു രാത്രി മുഴുവൻ ഭീതിയോട് കൂടി പോലീസ് സ്റ്റേഷനിൽ ഒളിച്ച് പാർത്ത കലാപത്തിന്റെ സൂത്രധാരന്മാരായ തോമസും ഹിച്ച്കോക്കും പിറ്റേ ദിവസം രാവിലെ അഞ്ചുമണിക്ക് ആരും കാണാതെ കോഴിക്കോട്ടേക്ക് പുറപ്പെട്ടു. റയിൽവേ തകർക്കപ്പെട്ടതിനാൽ തീവണ്ടിയിൽ പോകാൻ വഴിയില്ലാത്തതിനാൽ പാളത്തിലൂടെ അവർ ഓടുകയായിരുന്നു. ജനക്കൂട്ടം പിറകെ കൂടി ഫറോഖ് സ്റ്റേഷൻ വരെ ഇരുവരെയും ഓടിച്ചു. അവിടെനിന്ന് ഒരു വണ്ടിയിൽ കയറി ഒരു വിധം അവർ കോഴിക്കോട്ടേക്ക് രക്ഷപ്പെടുകയായിരുന്നു. പോലീസും പട്ടാളവും ഓടി രക്ഷപ്പെട്ടതോടെ തിരൂരങ്ങാടിയും പരിസരവും ഖിലാഫത്ത് ഭരണത്തിലായി. ആലി മുസ്‌ലിയാർ രാജാവായി അവരോധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സന്തതസഹചാരികളിൽപെട്ട കുഞ്ഞലവി സൈന്യാധിപനും ലവക്കുട്ടി മന്ത്രിയുമായിരുന്നു. കൊളോണിയലിസത്തിന്റെ സമസ്ത അധികാര ചിഹ്നങ്ങളും അവിടെനിന്ന് എടുത്ത് മാറ്റപ്പെട്ടു. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം എന്നറിയപ്പെടുന്ന ജനകീയപ്രക്ഷോഭത്തിൽ ലഖ്നൗ റസിഡൻസിയും ദൽഹിയിലെ ചെങ്കോട്ടയും താത്കാലികമായി ബ്രിട്ടീഷുകാർക്ക് നഷ്ടപ്പെട്ടതിന് ശേഷം സമാനമായ ഒരു ജനകീയ സമരത്തിൽ ഒരു പ്രദേശത്തിന്റെ അധികാരം ബ്രിട്ടീഷുകാർക്ക് നഷ്ടപ്പെടുന്നത് ഇതാദ്യമായിട്ടായിരുന്നു. തന്റെ ഖിലാഫത്ത് ഭരണത്തിൽ ഹിന്ദുക്കൾ ഒരി

ക്കലും ആക്രമിക്കപ്പെട്ടു കൂടെന്ന് ആലി മുസ്‌ലിയാർക്ക് നിർബന്ധമായിരുന്നു. അതിനാൽ സാമൂഹികദ്രോഹികളിൽനിന്ന് ഹിന്ദുക്കൾക്ക് സംരക്ഷണം നൽകാനായി കാരപ്പാട്ട് പുഴിക്കൽ, കുറ്റിപ്പുറം, പണിക്കർ തുടങ്ങിയ നിരവധി ഹിന്ദു തറവാടുകളിൽ ഖിലാഫത്ത് വളണ്ടിയർമാരെ അദ്ദേഹം കാവൽ നിർത്തി. അക്രമവും കൊള്ളയും തടയുന്നതിന് ആലി മുസ്‌ലിയാർ നടപടികൾ സ്വീകരിച്ചു. പരപ്പനങ്ങാടിയിലും പരിസരങ്ങളിലും കളവുകൾ നടന്നുവെന്നറിഞ്ഞപ്പോൾ ആലി മുസ്‌ലിയാർ ലവക്കുട്ടിയെ പറഞ്ഞയച്ച് കള്ളന്മാരെ പിടികൂടി. കളവ് മുതലുകൾ തിരിച്ച് കൊടുപ്പിച്ചു. ആലി മുസ്‌ലിയാരുടെ അധികാരം നിലനിന്നിരുന്ന കാലത്തോളം അദ്ദേഹത്തിന്റെ അധീനതയിലുള്ള പ്രദേശങ്ങളിൽ ആക്രമണങ്ങൾ ഉണ്ടായിട്ടില്ലെന്ന് കെ.പി കേശവമേനോൻ *കഴിഞ്ഞ കാല*ത്തിൽ എടുത്തു പറയുന്നുണ്ട്. ഖിലാഫത്തിനെതിരെ നിരന്തരം പ്രവർത്തിക്കുകയും ബ്രിട്ടീഷുകാർക്ക് വേണ്ടി പോലീസിനെ സഹായിക്കുകയും ചെയ്തിരുന്ന തിരൂരങ്ങാടിയിലെ മൂസക്കുട്ടി അധികാരിയുടെ വീട് അക്രമിക്കാൻ ചിലർ മുതിർന്നപ്പോൾ ആലി മുസ്‌ലിയാർ അത് തടഞ്ഞതായി കെ. മാധവൻ നായർ *മലബാർ കലാപ*ത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. തിരൂരങ്ങാടിയിലെ സബ് രജിസ്ട്രാറായിരുന്ന എ.പി കരുണാകരമേനോന്റെ ഗർഭിണിയായ ഭാര്യയെയും മക്കളെയും ലഹള സ്ഥലത്തുനിന്ന് രക്ഷപ്പെടുത്താൻ എല്ലാ സഹായവും ചെയ്തത് ആലി മുസ്‌ലിയാരും സൈന്യാധിപനായിരുന്ന കുഞ്ഞലവിയുമായിരുന്നെന്ന് കേശവമേനോൻ സ്മരിച്ചിട്ടുണ്ട്. പക്ഷേ, സമാധാനപരമായ ഈ ഖിലാഫത്ത് ഭരണം നിലനിന്നത് കേവലം പത്ത് ദിവസം മാത്രമാണ്.

പോലീസും പട്ടാളവും തൽക്കാലം തോറ്റ് പിന്തിരിഞ്ഞോടിയെങ്കിലും കൂടുതൽ ശക്തി സംഭരിച്ച് തിരൂരങ്ങാടി തിരിച്ച് പിടിക്കാൻ അവർ മടങ്ങിയെത്തുമെന്ന കാര്യം ഉറപ്പായിരുന്നു. ഇത് മനസ്സിലാക്കിയ കെ.പി കേശവമേനോന്റെ നേതൃത്വത്തിലുള്ള ഒരു കോൺഗ്രസ് പ്രതിനിധി സംഘം ആലി മുസ്‌ലിയാരെ സന്ദർശിച്ച് നിരുപാധികം പോലീസിന് കീഴടങ്ങി ശിക്ഷ ഏറ്റുവാങ്ങാൻ ഉപദേശിച്ചു. കെ.പി കേശവമേനോനോട് മുസ്‌ലിയാർക്ക് ബഹുമാനമുണ്ടായിരുന്നുവെങ്കിലും കീഴടങ്ങുന്നതിനേക്കാൾ പൊരുതി മരിക്കാൻ ലവക്കുട്ടിയെപ്പോലുള്ള അനുയായികൾ താൽപര്യപ്പെട്ടതിനാൽ ആലി മുസ്‌ലിയാർ അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിക്കാതെ, വരുന്നത് നേരിടാൻ തീർച്ചയാക്കി. കീഴടങ്ങണമെന്ന കോൺഗ്രസ് ദൗത്യസംഘത്തിന്റെ ഉപദേശം തള്ളിക്കളഞ്ഞുവെങ്കിലും ദൗത്യസംഘത്തിലെ കോൺഗ്രസ് പ്രതിനിധികളെ അദ്ദേഹം മാനിച്ചിരുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ പാദസേവകനായ ഖാൻ ബഹാദൂർ ചേക്കുട്ടിയുടെ കീഴടങ്ങാനുള്ള ഉപദേശത്തിനുനേരെ അദ്ദേഹം അക്ഷരാർഥത്തിൽ പൊട്ടിത്തെറിക്കുക തന്നെ ചെയ്തു: "യഥാർഥ മാപ്പിള തന്റെ മതത്തെ രക്ഷിക്കാൻ വേണ്ടി മരിക്കാനും രക്തസാക്ഷിയാകാനും ഭയപ്പെടുന്നവനല്ല. വിദേശികളായ അവിശ്വാസികളുടെ ചെരിപ്പുനക്കികളായ ചേക്കുട്ടിയെ പോലുള്ള മാപ്പിളമാർ ഭയപ്പെടണം. അത്തരം മാപ്പിളമാരുണ്ടായതാണ് മാപ്പിള സമുദായത്തിന്റെ ദുരന്തത്തിന് കാരണം" - ആലി മുസ്‌ലിയാർ ചേക്കുട്ടിയുടെ മുഖത്തുനോക്കി പറഞ്ഞു.

(*മലബാർ സമരം - എം.പി നാരായണമേനോനും സഹപ്രവർത്തകരും*).

പ്രതീക്ഷിച്ചതുപോലെ 1921 ആഗസ്റ്റ് 30-ന് നഷ്ടപ്പെട്ട പ്രദേശം തിരിച്ചു പിടിക്കുന്നതിനായി ഉയർന്ന പോലീസ്, പട്ടാള മേധാവികളുടെ നേതൃത്വത്തിൽ വൻ സൈന്യം തിരൂരങ്ങാടിയിലേക്ക് മാർച്ച് ചെയ്തു. പരിസര പ്രദേശത്തുനിന്ന് തിരൂരങ്ങാടിയിലേക്ക് പ്രവേശിക്കുന്ന കവാടങ്ങളിലെല്ലാം പട്ടാളക്കാരെ കാവൽ നിർത്തിയതിന് ശേഷം വൈകുന്നേരത്തോടെ പട്ടാളം ആലി മുസ്‌ലിയാർ താമസിക്കുന്ന പള്ളി വളഞ്ഞു. അപ്പോൾ പള്ളിക്കകത്ത് ആലിമുസ്‌ലിയാർ അടക്കം നൂറോളം പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 31-ന് കാലത്ത് പട്ടാളം പള്ളിക്കുള്ളിലുള്ളവരെ ലക്ഷ്യംവെച്ച് വെടിവെക്കാൻ ആരംഭിച്ചു. പള്ളിക്കുള്ളിലുള്ളവരും വെറുതെയിരുന്നില്ല. അവരും പട്ടാളത്തെ തിരിച്ച് വെടി വെച്ചു. കുറേനേരം വെടിവെപ്പ് തുടർന്നു. സംഭരിച്ചു വെച്ച വെടിമരുന്ന് തീർന്നതോടെ പള്ളിയിൽനിന്ന് ചിലർ പുറത്തു കടന്നു. അവരുടെ കൂട്ടത്തിൽ കുഞ്ഞലവിയുമുണ്ടായിരുന്നു. വാളും കത്തിയുമായി അവർ പട്ടാളത്തെ നേരിട്ടു. കുറെ പട്ടാളക്കാർ അവരുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. അവർ ഓടിപ്പോയി പള്ളിയുടെ വടക്ക് ഭാഗത്തുള്ള കാട്ടിലൊളിച്ചതിനാൽ അവരെ പിടിക്കാൻ പട്ടാളക്കാർക്ക് സാധിച്ചില്ല.

കൈവശമുണ്ടായിരുന്ന വെടിക്കോപ്പുകൾ തീർന്നതിനാൽ ചെറുത്തു നിൽപ് അസാധ്യമാണെന്ന് മനസ്സിലാക്കിയ ആലി മുസ്‌ലിയാരും സംഘവും പട്ടാളത്തിന് കീഴടങ്ങി. അതോടെ മലബാർ സമരത്തിലെ അവിസ്മരണീയ അധ്യായങ്ങളിലൊന്നായ, പത്ത് ദിവസം മാത്രം നീണ്ട ആലി മുസ്‌ലിയാരുടെ ഖിലാഫത്ത് ഭരണം അവസാനിച്ചു. ആലി മുസ്‌ലിയാരെയും മറ്റുള്ളവരെയും അറസ്റ്റ് ചെയ്തതിന്റെ പിറ്റേ ദിവസം തിരൂർക്ക് കൊണ്ടുപോയി. അവിടെ നിന്ന് അവരെ കോയമ്പത്തൂരിലേക്ക് മാറ്റി. വിചാരണാ പ്രഹസനത്തിലൂടെ രാജാവിനെതിരെ യുദ്ധം ചെയ്തുവെന്ന കുറ്റം ചുമത്തി ആലി മുസ്‌ലിയാർക്കും അനുയായികൾക്കും വധശിക്ഷ വിധിച്ചു. വിധിപ്രകാരം 1922 ഫെബ്രുവരി 17-ന് അദ്ദേഹത്തെ തൂക്കിലേറ്റി എന്നാണ് ഔദ്യോഗിക രേഖ. എന്നാൽ വധശിക്ഷ നടപ്പിലാക്കേണ്ട ദിവസം രാവിലെ അദ്ദേഹം സ്വാഭാവിക മരണം പ്രാപിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കോയമ്പത്തൂർ ശുക്രാൻ പേട്ടയിലാണ് അദ്ദേഹം മറവ് ചെയ്യപ്പെട്ടത്.

ktmhussain@yahoo.co.in